# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 901 — 01/03/2017 -ൽ മറുപടിക്ക്

## റാന്നി മേജർ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | നിർമ്മാണത്തിലിരിക്കുന്ന റാന്നി മേജർ കുടിവെള്ള പദ്ധതി എന്ന് പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യാനാവുമെന്ന് പറയാമോ; ഇനി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്നും എന്തൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചു എന്നും വിശദമാക്കാമോ; | (എ) | നിർമ്മാണത്തിലിരിക്കുന്ന റാന്നി മേജർ കുടിവെള്ള പദ്ധതി 03/2017-ൽ പൂർണ്ണതോതിൽ കമ്മീഷൻ ചെയ്യാനാവുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിലെ എല്ലാ ഘടകങ്ങളുടെയും നിർമ്മാണം പൂർത്തിയാക്കി ജലവിതരണം നടത്തി വരുന്നു. രണ്ടാം ഘട്ടത്തിലുൾപ്പെട്ട ഘടകങ്ങളിൽ സോൺ 3A, 4 എന്നിവിടങ്ങളിലെ ജലവിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവർത്തികൾ ഒഴികെയുള്ള ഘടകങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി ജലവിതരണം നടത്തിവരുന്നു. |
| (ബി) | പദ്ധതിയുടെ ആകെ ചെലവ് എത്രയായിരുന്നുവെന്നും പദ്ധതിയുടെ സംഭരണ ശേഷി എത്രയാണെന്നും ഇവിടെ നിന്നും എവിടെയൊക്കെയാണ് ശുദ്ധ ജലവിതരണം നടത്താനുദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ; | (ബി) | പദ്ധതിയുടെ ആകെ ചെലവ് 2276.46 ലക്ഷം രൂപയും സംഭരണശേഷി 7.5 ദശലക്ഷം ലിറ്റർ (7.5 എം.എൽ.ഡി) ഉം ആണ്. പ്രസ്തുത പദ്ധതിയിലൂടെ റാന്നി-പഴവങ്ങാടി, വടശ്ശേരിക്കര എന്നീ പഞ്ചായത്ത് പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാകുന്നതാണ്. |
| (സി) | പദ്ധതിയുടെ നിർമ്മാണം എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ; എന്തെങ്കിലും നിർമ്മാണ തടസ്സം ഉണ്ടായെന്നും ഉണ്ടെങ്കിൽ അത് എന്താണെന്നും ആയത് പരിഹരിക്കാൻ എന്തുനടപടി സ്വീകരിച്ചുവെന്നും വിശദമാക്കാമോ? | (സി) | പദ്ധതിയുടെ ഒന്നാം ഘട്ട പ്രവർത്തികളുടെ നിർമ്മാണം 10/2008-ലും രണ്ടാംഘട്ട പ്രവർത്തികളുടെ നിർമ്മാണം 12/2012-ലും ആരംഭിച്ചു. വിവിധ ഘടകങ്ങളുടെ നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭ്യമാക്കുന്നതിനുള്ള കാലതാമസം, വിവിധ റോഡുകളിലൂടെ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് പി.ഡബ്ല്യു.ഡി, കെ.എസ്.റ്റി.പി, |

വനംവകുപ്പ് എന്നിവിടങ്ങളിൽ നിന്നും അനുമതി ലഭ്യമാകുന്നതിനുള്ള താമസം, വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം തുടങ്ങിയവ പ്രവർത്തികൾ വൈകാൻ കാരണമായിട്ടുണ്ട്. വാട്ടർ അതോറിറ്റി ഉന്നതോദ്യോഗസ്ഥർ ജനപ്രതിനിധികളുമായും മറ്റ് വകുപ്പ് തലവന്മാരുമായും ചർച്ചകൾ നടത്തുകയും അതിൻ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുതു മൂലം തടസ്സങ്ങൾ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

JSK/